# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5305 27.07.2015 ൽ മറുപടിയ്ക്ക്

## ഗ്രീൻ ബിൽഡിംഗ് പോളിസി നടപ്പാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ<br>ശ്രീ.റോഷി അഗസ്റ്റിൻ | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ഗ്രീൻ ബിൽഡിംഗ് പോളിസി നടപ്പാക്കുന്ന കാര്യത്തിൽ തീരുമാനം വ്യക്തമാക്കുമോ; | (എ) 07.03.2013 ലെ സ.ഉ.(എം.എസ്)നം.28/2013/ പൊ.മ.വ. പ്രകാരം ഹരിത നിർമ്മാണ നയത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. നിർമ്മാണരംഗം പരിസ്ഥിതി സൗഹൃദമാക്കുന്നതിനായി സൗരോർജ്ജത്തിന്റെ പരമാവധി ഉപയോഗം, മഴവെള്ള സംഭരണം, പ്രകൃതിജന്യനിർമാണ സാമഗ്രികളുടെ ഉപയോഗം, മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള നിർമ്മാണരീതികൾ അവലംബിക്കുകയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. |
| (ബി) ഗ്രീൻ ബിൽഡിംഗ് പോളിസി നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) പൊതുമരാമത്ത് വകുപ്പ് 2014 മാർച്ച് മുതൽ തയ്യാറാക്കുന്ന എല്ലാ രൂപകല്പനകളും ഹരിത നിർമ്മാണ തത്വങ്ങൾക്കനുസൃതമായാണ് ചെയ്യുന്നത്. അതനുസരിച്ച് ഗൃഹയുടെ (GRIHA - Green Rating of Integrated Habitat Assessment) 3 സ്റ്റാർ പദവി ലഭ്യമാകുന്ന രീതിയിലാണ് കെട്ടിടങ്ങൾ രൂപകല്പന ചെയ്യുന്നത്. സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സുകളുടെ ടൈപ്പ് ഡിസൈനും ഹരിത നിർമ്മാണ തത്വങ്ങൾക്കനുസൃതമായാണ് ചെയ്തിട്ടുള്ളത്. പൊതുമരാമത്ത് വകുപ്പിലെ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും ഈ സാങ്കേതിക വിദ്യയിൽ അവഗാഹം നേടുവാനായി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു കഴിഞ്ഞു. |
| (സി) സ്വകാര്യ മേഖലയിൽക്കൂടി ഈ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ സംസ്ഥാനത്തെ കെട്ടിടങ്ങളിൽ മഴവെള്ള സംഭരണ സംവിധാനം, സൗരോർജ്ജത്തെ അടിസ്ഥാനമാക്കി വെള്ളം ചൂടാക്കുന്നതിനും, വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള സംവിധാനം സ്ഥാപിക്കുന്നതിനെക്കുറിച്ചും, വൈകല്യം ബാധിച്ചവർക്ക് ഏർപ്പെടുത്തേണ്ട സംവിധാനങ്ങളെക്കുറിച്ചും നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ